കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരൂരങ്ങാടി നഗരസഭയിലെ സീനിയർ ക്ലാർക്കായ ശ്രീ. ജയൻ. എം. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 2056/2017-ൽ 27.10.2017 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ.(സാധാ) നം. 236/ 2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 25.01.2018

---

പരാമർശം :
1. തിരൂരങ്ങാടി നഗരസഭയിലെ സീനിയർ ക്ലാർക്കായ ശ്രീ. ജയൻ. എം സർക്കാരിൽ സമർപ്പിച്ച 07.10.2017 തീയതിയിലെ നിവേദനം. (Annexure A7)
2. ശ്രീ. ജയൻ. എം. ബഹു. കേരളാ അഡ്മിനിസിട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 2056/2017-ൽ 27.10.2017 തീയതിയിലെ വിധിന്യായം.

## ഉത്തരവ്

തിരൂരങ്ങാടി നഗരസഭയിൽ സീനിയർ ക്ലാർക്കായ ശ്രീ. ജയൻ. എം പരാമർശം 1 പ്രകാരം സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ സീനിയർ ക്ലാർക്കായി തിരൂരങ്ങാടി നഗരസഭയിൽ ജോലിചെയ്തുവരവേ കൊച്ചി, ചേർത്തല, ആലപ്പുഴ നഗരസഭകളിലേയ്ക്ക് സ്ഥലംമാറ്റം ആവശ്യപ്പെട്ട നൽകിയ അപേക്ഷ പരിഗണിച്ച് കൊച്ചി നഗരസഭയിലേയ്ക്ക് കരട് സ്ഥലംമാറ്റ പട്ടികയും ക്യൂ ലിസ്റ്റും പ്രസിദ്ധീകരിച്ച ശേഷം നഗരകാര്യ ഡയറക്ടർ അന്തിമ സ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടുത്താത്തതിനാൽ വീടിനടുത്തുള്ള നഗരസഭയിൽ തുടരുവാൻ കഴിയാതെവന്നതായും അതിനാൽ ഒഴിവുവരുന്ന കൊച്ചി, ആലുവ, കളമശ്ശേരി,

മരട്, തൃപ്പൂണിത്തുറ, കോട്ടയം, ആലപ്പുഴ, ചേർത്തല, ഹരിപ്പാട് നഗരസഭകളിൽ ഏതെങ്കിലും ഒന്നിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും അപേക്ഷിക്കുകയുണ്ടായി. കൂടാതെ ഇതേ ആവശ്യമുന്നയിച്ചുകൊണ്ട് ടിയാൾ ബഹു. കേരളാ അഡ്മിനിസിട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ. 2056/2017 നമ്പർ കേസിൽ പരാമർശം 2 പ്രകാരമുള്ള വിധിയിൽ ഒന്നാം എതിർകക്ഷിയായ സർക്കാർ അനക്ഷർ A7 അപേക്ഷ പരിശോധിച്ച് ടിയാളെ നേരിൽ കേട്ട് 2 മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി.

2. ബഹു. കേരളാ അഡ്മിനിസിട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി 14.12.2017-ന് അപേക്ഷകനെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട അവസരത്തിലും ടിയാളുടെ അപേക്ഷയിലെ ആവശ്യങ്ങൾ തന്നെ ആവർത്തിക്കുകയുണ്ടായി.

3. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ചാലക്കുടി നഗരസഭയിൽ എൽ.ഡി. ക്ലാർക്കായി ജോലി നോക്കിവരവേ ശ്രീ. ജയൻ. എം. നെ സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതിനാൽ സീനിയർ ക്ലാർക്കായി 11.04.2017 ൽ നിലവിൽ ഒഴിവുണ്ടായിരുന്ന തിരൂരങ്ങാടി നഗരസഭയിൽ നിയമിച്ചു. 2017-2018 കാലയളവിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 23.02.2017 വരെയായിരുന്നു. എന്നാൽ ടി തീയതിക്ക് ശേഷം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെക്കൂടി പരിഗണിക്കുന്നതിനായി പൊതുസ്ഥലംമാറ്റ അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 22.05.2017 വരെ നീട്ടി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ വിവിധ തസ്തികകളിലെ കൂലിസ്റ്റും കരട് സ്ഥലംമാറ്റ ഉത്തരവും പുറപ്പെടുവിച്ചു. ടി കരട് ഉത്തരവിൽ ശ്രീ. ജയൻ. എം. നെ കൊച്ചി നഗരസഭയിൽ നിർദ്ദേശിച്ചിരുന്നു. സർക്കാരിന്റെ 25.02.2017 ലെ ഉത്തരവ് നടപ്പിലാക്കണമെന്ന സർക്കാർ നിർദ്ദേശം പരിഗണിച്ച് 28.02.2017- ന ശേഷം ലഭിച്ച അപേക്ഷകരെ ഒഴിവാക്കി 06.10.2017 ൽ ഉത്തരവ് പുറപ്പെടുവിച്ചു. ആയതിനാലാണ് ശ്രീ. ജയൻ. എം. നെ കരട് ഉത്തരവിൽ ഉൾപ്പെട്ട

സ്ഥലംമാറ്റം അനുവദിക്കാനാകാതെ പോയതെന്ന് അറിയിച്ചു. അതുപോലെ സർക്കാർ നിർദ്ദേശം വന്നതോടെ കരട് സ്ഥലംമാറ്റ സാധ്യതാ പട്ടികയ്ക്കും കൃലിസ്റ്റിനും സാധുത നഷ്ടപ്പെട്ടു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം പരാതികക്ഷിയേയും നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരേയും നേരിൽക്കേട്ടതിന്റെയും ബഹു. ട്രിബ്യൂണലിന്റെ നിരീക്ഷണത്തിനു വിധേയമായ അനക്സർ എ 11 വിശദമായി പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ 28.02.2018-നു മുമ്പായി അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്ന കൊച്ചി, ആലുവ, കളമശ്ശേരി, മരട്, തൃപ്പൂണിത്തുറ, കോട്ടയം, ആലപ്പുഴ, ചേർത്തല, ഹരിപ്പാട് നഗരസഭകളിൽ ഏതിലെങ്കിലും ഒഴിവുണ്ടാവുകയാണെങ്കിൽ ഒന്നിലധികം ജീവനക്കാർ ഒരേ നഗരസഭതന്നെ ആവശ്യപ്പെട്ടിട്ടുമുണ്ടെങ്കിൽ 25.02.2017-ലെ ഉത്തരവിലെ പ്രത്യേക മുൻഗണന, ഭരണപരമായ സൗകര്യം എന്നിവ പരിശോധിച്ച് അർഹതയുള്ള ജീവനക്കാരെ മാത്രം ടി സ്ഥാനത്തേയ്ക്ക് സ്ഥലംമാറ്റുക എന്ന നിർദ്ദേശം നഗരകാര്യ ഡയറക്ടർക്ക് നൽകിക്കൊണ്ട് ബഹു. കേരളാ അഡ്മിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 2 പ്രകാരമുള്ള വിധി നടപ്പിലാക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**വി.എസ്. സന്തോഷ്,**
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. ജയൻ. എം., സീനിയർ ക്ലാർക്ക്, തിരൂരങ്ങാടി നഗരസഭ.
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**